നിലവിലുണ്ട്. വായ്പ തിരിച്ചടയ്ക്കുന്നതിന് ഉദാരമായ വ്യവസ്ഥകളാണുള്ളത്. ട്രാൻസ്പോർട്ട് വായ്പകൾക്ക് 6 വർഷംവരെയും വ്യാവസായിക വായ്പകൾക്ക് ആവശ്യാനുസരണം 10 വർഷം വരെയും തിരിച്ചടയ്ക്കുന്നതിന് കാലാവധി അനുവദിക്കാറുണ്ട്. അടുത്ത കാലത്തായി സാങ്കേതിക വൈജ്ഞാനിക (ഇൻഫർമേഷൻ ടെക്നോളജി) രംഗത്ത് പ്രവർത്തിക്കുന്നവർക്കായി ഉദാരമായ വ്യവസ്ഥകളിന്മേൽ വായ്പ നൽകുവാനുള്ള ഒരു പദ്ധതി കെ.എഫ്.സി. ആവിഷ്ക്കരിച്ചിട്ടുണ്ട്. വ്യവസായ യൂണിറ്റുകൾക്ക് പ്രവർത്തന മൂലധനവും ദീർഘകാല വായ്പയും ഒന്നിച്ച് നൽകുന്ന ഏക ജാലക സംവിധാനവും (എസ്.ഡബ്ലിയു.എസ്.) നിലവിലുണ്ട്.)

(ബി)&(സി) കൂടുതൽ വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിന് വേണ്ടി താഴെ പറയുന്ന ഉദാര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വായ്പാ അപേക്ഷകളിന്മേൽ താമസംവിനാ തീരുമാനമെടുക്കുന്നതിനുവേണ്ടി 50 ലക്ഷം രൂപാവരെയുള്ള വായ്പാപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിനും 75 ലക്ഷം രൂപവരെയുള്ള അപേക്ഷകൾ പരിശോധിച്ച് ശുപാർശ ചെയ്യുന്നതിനും ജില്ലാ ആഫീസുകൾക്കും അതിനുമുകളിലുള്ള വായ്പാപേക്ഷകൾ സ്വീകരിക്കുന്നതിനും ശുപാർശകൾ നൽകുന്നതിനും പ്രാദേശിക ഓഫീസുകൾക്കും അധികാരം നൽകിയിട്ടുണ്ട്. കൂടാതെ 240 ലക്ഷം രൂപാവരെ ആവശ്യാനുസരണം വായ്പാ ഗഡുക്കൾ വിതരണം ചെയ്യുന്നതിന് ജില്ലാ ഓഫീസുകൾക്കും അധികാരമുണ്ട്. കാലാവധിക്ക് മുമ്പ് അടച്ചുതീർക്കുന്ന വായ്പകൾക്ക് ചുമത്തിയിരുന്ന അധിക പലിശ നിർത്തലാക്കി. വായ്പ അനുവദിക്കുമ്പോൾ ചുമത്തിയിരുന്ന ഒരു ശതമാനം അപ്രൈസൽ ഫീസും നിറുത്തലാക്കിയിട്ടുണ്ട്. ഇപ്പോൾ വ്യവസായസംരംഭകർക്ക് താഴെ പറയുന്ന ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്.

1) വിമുക്ത ഭടന്മാർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ഉദാരമായ വ്യവസ്ഥകളിൽ വായ്പ അനുവദിക്കുന്നു.

2) സാങ്കേതിക പരിജ്ഞാനമുള്ള സംരംഭകർക്ക് സാധാരണ വ്യവസ്ഥകളിൽ ഇളവുകൾ നൽകി വായ്പ അനുവദിക്കുന്നു.

3) അർഹതയുള്ള വ്യവസായ സംരംഭകർക്ക് ദേശീയ മൂലധന നിധിയിൽ നിന്നുള്ള പലിശ രഹിത വായ്പ അനുവദിച്ചുകൊടുക്കുന്നു.

(ഡി) ഇല്ല.

(ഇ) പുതിയ വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനു വേണ്ടി നിലവിൽ ധാരാളം ഇളവുകൾ അനുവദിച്ചിട്ടുണ്ട്. കൂടുതൽ ഇളവുകൾ അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

10 (*70) മണ്ഡരിരോഗബാധ തടയൽ

<u>ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ</u> :
<u>ശ്രീ. എം.കെ. മുനീർ</u> :
<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u> :

<u>ശ്രീ. സി.ടി. അഹമ്മദ് അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ തെങ്ങുകളെ ബാധിച്ച മണ്ഡരി രോഗം തടയുവാൻ നടത്തിയ മരുന്നുതളി മുഖേന ഫലപ്രദമായി കീടനിയന്ത്രണം നടത്തുവാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ മുഴുവൻ തെങ്ങുകൾക്കും മരുന്നു തളി നടത്തുക ഉണ്ടായോ;

(സി) ഇല്ലെങ്കിൽ മരുന്നുതളി പൂർണ്ണമാക്കാൻ നടപടി സ്വീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി)&(സി) സംസ്ഥാനത്തെ മുഴുവൻ തെങ്ങുകൾക്കും മരുന്നുതളി നടത്തേണ്ട ആവശ്യമില്ല. കീടബാധ കാണുന്ന തെങ്ങുകളിൽ മാത്രം മരുന്നു തളിച്ചാൽ മതിയാകും. മരുന്നുതളി പൂർത്തിയായിവരുന്നു.

11 (*71) വിൽപ്പന നികുതി ഏകീകരണത്തിലെ അപാകത പരിഹരിക്കാൻ നടപടി

ശ്രീ. പി.സി. ജോർജ് :
ശ്രീ. പി. രാഘവൻ :
ശ്രീ. എ. കണാരൻ :
ശ്രീ. എൻ. അനിരുദ്ധൻ :

ശ്രീ. ടി.എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിൽപ്പന നികുതി ഏകീകരണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് വിൽപ്പനനികുതി കുറയ്ക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; എങ്കിൽ എന്തൊക്കെ നടപടി എന്നു വെളിപ്പെടുത്തുമോ;

(ബി) ഏകീകൃത വിൽപ്പന നികുതി സംസ്ഥാനത്ത് എന്നു മുതൽ നടപ്പിലാക്കി എന്ന് വ്യക്തമാക്കുമോ;

(സി) വിൽപ്പന നികുതി ഏകീകരണത്തെ തുടർന്ന് സംസ്ഥാനത്തെ നികുതി വ്യവസ്ഥയിലുണ്ടായ മാറ്റങ്ങൾ വിശദീകരിക്കുമോ;

(ഡി) ഏകീകൃത വിൽപ്പന നികുതിനിയമം സംസ്ഥാനത്ത് നടപ്പാക്കിയപ്പോൾ ഏതാനും ഉൽപ്പന്നങ്ങളുടെ നികുതിയുടെ തോത് നിലവിലുണ്ടായിരുന്നതിനേക്കാൾ ഉയർന്നതായി ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) അയൽ സംസ്ഥാനങ്ങളായ ആന്ധ്ര, തമിഴ്നാട് എന്നിവിടങ്ങളിൽ വിൽപ്പന നികുതിയുടെ തോത് ഏതെങ്കിലും ഉൽപ്പന്നങ്ങളുടെ കാര്യത്തിൽ വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) നികുതി ഏകീകരണത്തെ തുടർന്ന് സംസ്ഥാനത്തെ ഏതെല്ലാം വസ്തുക്കൾക്ക് നികുതി ഭാഗികമായി കുറയ്ക്കുകയും, ഏതെല്ലാം വസ്തുക്കൾക്ക് നികുതി വേണ്ടെന്ന് വയ്ക്കുകയും ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly